**A** **702**

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2022-23

## മലയാളം

ക്ലാസ് - 7 **കേരളപാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

താഴെ കൊടുത്ത ഓർമ്മക്കുറിപ്പ് വായിക്കുക.

**ചിറക്**

ഒരു ചെടിയെയും നോക്കി വെറുതെ ഇരിക്കുകയായിരുന്നു ഞാൻ. വെള്ളിമേഘത്തിൽനിന്ന് അടർന്നുവീണ തുണ്ടുപോലുള്ള ഒരു പൂമ്പാറ്റക്കുഞ്ഞ് അങ്ങോട്ട് പറന്നുവന്നു. അതിന്റെ നേർത്ത വെള്ളച്ചിറകുകൾ നന്നായി ചലിച്ചിരുന്നില്ല. തളർന്ന കൊച്ചുചിറകുകളുമായി ആ പൂമ്പാറ്റക്കുഞ്ഞ് ഇടറിയിടറി വായുവിലൂടെ ഒഴുകിവന്ന് ചെടിയുടെ ഏറ്റവും മുകളിലെ ഇലയിലിരുന്നു. അത് തന്റെ കുഞ്ഞിച്ചിറകുകളെ വെയില് കാഞ്ഞ് പതുക്കെ ചൂടു പിടിപ്പിച്ച് ഉഷാറാക്കിക്കൊണ്ടിരുന്നു. പെട്ടെന്നാണ് ഒരു കാറ്റ് വന്നത്. അതൊരു സാധാരണ കാറ്റായിരുന്നു. പക്ഷേ, ആ കുഞ്ഞുചെടിക്കും അതിന്റെ തുമ്പത്ത് ഇരിക്കുന്ന പൂമ്പാറ്റക്കുഞ്ഞിനും അത് അപകടകാരിയായ ഒരു കൊടുങ്കാറ്റായി. ചെടി ആടിയുലയാൻ തുടങ്ങി. പൂമ്പാറ്റക്കുഞ്ഞിന്റെ ലോലമായ കുഞ്ഞിച്ചിറകുകൾ കിടുകിടാ വിറച്ചു. അത് പിടിവിട്ട് താഴേക്കു വീഴുമെന്ന് തോന്നി. വെയിലേറ്റ് അതിന്റെ ചിറകുകൾ ശക്തി പ്രാപിക്കുന്നതേയുള്ളൂ. അപ്പോഴേക്കും കാറ്റടിക്കാൻ തുടങ്ങിയല്ലോ. പക്ഷേ, പൂമ്പാറ്റക്കുഞ്ഞ് സർവ്വശക്തിയും സംഭരിച്ച് ചെടിത്തുമ്പത്ത് അള്ളിപ്പിടിച്ചിരുന്നു. ഏതു സമയത്തും വീണുപോകാവുന്ന ആ ഇരിപ്പിനിടയിൽത്തന്നെ അത് തന്റെ കുഞ്ഞിച്ചിറകുകൾ മെല്ലെ മെല്ലെ വിടർത്തി. കാറ്റിന് കരുത്ത് വർദ്ധിച്ചു. എന്നാൽ പൂമ്പാറ്റ വിട്ടുകൊടുത്തില്ല. പതുക്കെപ്പതുക്കെ തന്റെ കുഞ്ഞിച്ചിറകുകൾ പൂർണ്ണമായി വിടർത്തിയെടുക്കുന്നതിൽ അത് വിജയിച്ചു. ഒരു നിമിഷം, ആ പൂമ്പാറ്റക്കുഞ്ഞ് തന്റെ ചിറകുകൾ വീശി ഉയരങ്ങളിലേക്ക് പറന്നു.. ഭയമില്ലാതെ.

- സിനാഷ

(എ) പൂമ്പാറ്റക്കുഞ്ഞ് എന്തിനെപ്പോലെയായിരുന്നു?
(വെള്ളിമേഘത്തുണ്ട്, മഴവിൽത്തുണ്ട്, നക്ഷത്രം)

(ബി) 'ചിറക്' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
(തണുപ്പ്, സ്വാതന്ത്ര്യം, സ്നേഹം)

(സി) ചെടി ആടിയുലയാൻ തുടങ്ങിയത് എപ്പോഴാണ്?
(വെയില് വന്നപ്പോൾ, കാറ്റ് വീശിയപ്പോൾ, പൂമ്പാറ്റ പറന്നുയർന്നപ്പോൾ)

(ഡി) ശക്തി എന്ന വാക്കിന്റെ അർത്ഥമുള്ള മറ്റൊരു വാക്ക് ഈ കഥയിലുണ്ട്. ആ വാക്ക് ഏതാണ്?
(കരുത്ത, ഉലയൽ, ഭയം)

(ഇ) പൂമ്പാറ്റക്കുഞ്ഞ് എവിടെയാണിരുന്നത്?
(ചെടിത്തണ്ടിൽ, പൂവിൽ, ഇലയിൽ)

**പ്രവർത്തനം 2** (എ) **ഡയറിക്കുറിപ്പ് തയ്യാറാക്കുക.**

നിങ്ങളുടെ പിറന്നാളിനെക്കുറിച്ചോ വീട്ടിലെ ഏതെങ്കിലും വിശേഷത്തെക്കുറിച്ചോ അന്നത്തെ ഡയറിയിൽ നിങ്ങളെഴുതുന്ന കുറിപ്പ് എങ്ങനെയാവും? നിങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ദിവസത്തെ ഡയറിക്കുറിപ്പ് എഴുതുക.

**ബി)** 'അളകനന്ദയിലെ വെള്ളാരം കല്ലുകൾ' എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നുമെടുത്തതാണ്?
(നൈൽ ഡയറി, ഹിമവാന്റെ മുകൾ തട്ടിൽ, ഹിമാലയത്തിലൂടെ)

**പ്രവർത്തനം** 3 (എ) **ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.**

| |
|---|
| വിമർശകൻ<br>അധ്യാപകൻ<br>പ്രഭാഷകൻ |
| ജനനം: 1919<br>ആഗസ്റ്റ് 22,<br>തിരുവനന്തപുരം |
| എഴുത്തച്ഛൻ പുരസ്കാരം<br>വള്ളത്തോൾ അവാർഡ്<br>വയലാർ അവാർഡ് |
| കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്<br>കേരള സാഹിത്യ അക്കാദമി അവാർഡ് |
| മരണം: 2006<br>ഫെബ്രുവരി 6 |
| മലയാളി, ഗ്രന്ഥാലോകം<br>പത്രാധിപർ |
| ആത്മകഥ<br>മനസാസ്മരാമി |
| **പ്രധാനകൃതികൾ**<br>ആധുനിക സാഹിത്യം,<br>ക്രാന്തദർശികൾ,<br>ഇസങ്ങൾക്കപ്പുറം |

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകളും നിങ്ങൾക്കറിയാവുന്ന വിവരങ്ങളും ചേർത്ത് എസ്. ഗുപ്തൻനായരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

**ബി)** "പട്ടു പോവുക" എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
(ഉണ്ടാവുക, നശിക്കുക, ബാക്കിയാവുക)

**പ്രവർത്തനം** 4 (എ) **ലഘു ഉപന്യാസം തയ്യാറാക്കുക.**

സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ മാർച്ച് മാസം നടത്തുന്ന ഉപന്യാസമത്സരത്തിലേക്ക് **വായനയുടെ പ്രാധാന്യം** എന്ന വിഷയത്തിൽ ലഘുഉപന്യാസം തയ്യാറാക്കുക.

**ബി)** "കനകമയമൃഗം" ഇതിൽ 'കനകം' എന്നതിന് പകരമെഴുതാവുന്നത്?
(വെള്ളി, സ്വർണ്ണം, ചെമ്പ്)

**പ്രവർത്തനം** 5 (എ) **കഥാപാത്രനിരൂപണം തയ്യാറാക്കുക.**

'പ്രാതൽ' എന്ന പാഠഭാഗത്ത് കുഞ്ഞൻ മേനോനെ പരിചയപ്പെട്ടുവല്ലോ? കുഞ്ഞൻ മേനോന്റെ ശാരീരിക, മാനസിക പ്രത്യേകതകളും നിങ്ങളുടെ അഭിപ്രായങ്ങളും ചേർത്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക.

**ബി)** "ചന്ദ്രനിൽ സൂര്യനെ പതിച്ചമാതിരി" ഇതിൽ ചന്ദ്രൻ എന്ന് ഉദ്ദേശിക്കുന്നത് എന്തിനെയാണ്?

(ചന്ദനം, കുങ്കുമം, ഭസ്മം)

പ്രവർത്തനം 6 (എ) **അനുഭവക്കുറിപ്പ് തയ്യാറാക്കുക.**

സ്കൂൾ തുറക്കുന്നതോടെ തന്നെ മുടങ്ങാതെ കാലവർഷവും തുടങ്ങും. മിക്ക ദിവസവും സ്കൂളിലെത്തുമ്പോഴേക്കും പകുതി നനഞ്ഞിരിക്കും. നാലുമണിക്ക് സ്കൂൾ വിട്ട് മടങ്ങുമ്പോഴാണ് മഴ ഘോഷം കൂട്ടി പെയ്യുന്നത്. മൂന്നു ജോഡി ഷർട്ടും ട്രൗസറും മാത്രമുള്ള എനിക്ക് ഉടുപ്പുണങ്ങിക്കിട്ടില്ലല്ലോ എന്ന ആവലാതിയായിരുന്നു മഴക്കാലം അടുക്കുമ്പോൾ. മൂന്നാം ദിവസം ഇടുമ്പോഴും നനവ് ബാക്കിയുണ്ടാവും. എന്നാലും കാലവർഷത്തിന്റെ വരവ് ഗ്രാമത്തെപ്പോലെ കുട്ടിയായ ഞാനും കാത്തിരുന്നു.

മഴ പെയ്യുണ പെയ്യലിൽ - എം.ടി.വാസുദേവൻനായർ

എം.ടി.യുടെ മഴയനുഭവത്തിലെ ഒരു ചെറിയഭാഗമാണ് നിങ്ങൾ വായിച്ചത്. മഴ കാണലും മഴ കൊള്ളലും ഏറ്റവും രസകരമായ അനുഭവങ്ങളാണ്. നിങ്ങളുടെ മഴയനുഭവം എഴുതുക.

**ബി)** “മന്ദപ്പന്റെ മനസ്സിലെ സൂര്യൻ മങ്ങി” എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

(വിഷമം തോന്നി, സന്തോഷിച്ചു, ആകാംക്ഷയുണ്ടായി)